**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 17** **23-08-2022 - ൽ മറുപടിയ്ക്ക്**

**ചീഫ് വിപ്പിന്റെ ഓഫീസ് വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് വിപ്പിന് അനുവദിച്ച ശമ്പളം, മാസം തോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന ശമ്പളം : 2,000/- രൂപ, ഡി.എ : 38,429/- രൂപ, കൺവെയൻസ് അലവൻസ് : 17,000/- രൂപ, കോൺസ്റ്റിറ്റ്യൂൻസി അലവൻസ് : 40,000/- രൂപ എന്ന നിരക്കിലാണ് ശമ്പളം നല്കിവരുന്നത്. ഔദ്യോഗിക യാത്രകൾക്ക് ടിഎയും ടെലഫോൺ ചാർജ്ജും അനുവദനീയമായ മെഡിക്കൽ റീ ഇംബേഴ്സ്മെന്റും അനുവദിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ചീഫ് വിപ്പിന്റെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | സർക്കാർ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അദർ ഡ്യൂട്ടി വ്യവസ്ഥയിലും നേരിട്ടുള്ള നിയമനം മുഖേനയുമാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം നടത്തിയിട്ടുള്ളത്. അദർ ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ ശമ്പളവും നേരിട്ട് നിയമനം ലഭിച്ചവർക്ക് 17-04-2021 ലെ സ.ഉ(സാധാ) 1578/2021/പൊ.ഭ.വ ഉത്തരവ് പ്രകാരവുമാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന സൗകര്യവും അനുവദിച്ചിട്ടുണ്ട്. |
| (സി) | ചീഫ് വിപ്പിന്റെ ഔദ്യോഗിക ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന നിയമസഭയിൽ പരിഗണനയിൽ വരുന്ന എല്ലാ ഗവൺമെന്റ് കാര്യങ്ങളിലും ഭരണ കക്ഷിയിൽപ്പെട്ട അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും സർക്കാരിന് അനുഗുണമായി അംഗങ്ങളുടെ തീരുമാനങ്ങൾ ഏകീഭവിപ്പിക്കുകയും ചെയ്തു വരുന്നു.<br><br>സർക്കാർ കാര്യങ്ങളിൽ സഭയിൽ വോട്ടിംഗ് ആവശ്യമായി വരുന്ന എല്ലാ സാഹചര്യങ്ങളിലും ഭരണകക്ഷി അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും സർക്കാർ അനുകൂല നിലപാടുകൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നു.<br><br>നിയമസഭയുടെ സുഗമമായ നടത്തിപ്പിൽ ഭരണകക്ഷി അംഗങ്ങളെ ഏകോപിപ്പിക്കുന്നതിൽ |

| | | | |
|---|---|---|---|
| | | | പങ്ക് വഹിക്കുന്നു.<br><br>ഇവയ്ക്കെല്ലാമായി മുൻകൂറായി വിപ്പുകൾ തയ്യാറാക്കി ഓരോ ഭരണപക്ഷ അംഗത്തെയും നേരിട്ട് സർക്കാരിന്റെ നിലപാടുകൾ അറിയിക്കുകയും ചെയ്തു വരുന്നു.<br><br>സർവ്വകലാശാലകളിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, രാജ്യസഭ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, രാഷ്ട്രപതി തെരഞ്ഞെടുപ്പ് തുടങ്ങിയവയിലെ വോട്ടിംഗ് രീതി സംബന്ധിച്ച് അറിയിപ്പുകൾ നൽകുന്നു.<br><br>നിയമസഭയുടെ വിവിധ അഡ്ഹോക് കമ്മിറ്റികളിൽ/സ്ഥിരം സമിതികളിൽ അംഗമായിരിക്കുകയും, യോഗങ്ങളിൽ ഹാജരായി സർക്കാർ തീരുമാനങ്ങളിൽ സജീവ പങ്കാളിയായും ചീഫ് വിപ്പ് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ